പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ കുട്ടനാട്ടിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒന്നുരണ്ട് പാലങ്ങൾ അനുവദിക്കുകയും നിർമ്മാണ പ്രവൃത്തികളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. വളരെ ഉദാരമായ നിലപാടാണ് കുട്ടനാടിനോട് ഗവൺമെന്റും പൊതുമരാമത്ത് വകുപ്പും സ്വീകരിച്ചിട്ടുള്ളത്. കൈനകരി-മുണ്ടയ്ക്കൽ പാലത്തിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് വിട്ടുപോയ സർവ്വേ നമ്പർ ഉൾപ്പെടുത്തി റിവൈസ്ഡ് പ്രൊപ്പോസൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള 22 കോടി 50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മുട്ടയം പാലത്തിന്റെ നിർമ്മാണത്തിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ജിംമംഗലം, തയ്ച്ചേരി പാലങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുകയുണ്ടായില്ല. എന്നാൽ ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ധനകാര്യവകുപ്പ് 19-6-2014-ൽ അനൗദ്യോഗിക കുറിപ്പ് മുഖാന്തിരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് expedite ചെയ്യാം.

19. ഭരണാനുമതിയും റോഡ് നവീകരണവും

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഗുരുവായൂർ ക്ഷേത്ര നഗരം വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ നേരിടുകയാണ്. അതിൽ ഒന്ന്, റെയിൽവേ ഗേറ്റ് 36 തവണ അടയ്ക്കുന്നതുമൂലം വലിയ ഗതാഗത കുരുക്കുണ്ടാകുന്നുവെന്നതാണ്. ചില ദിവസങ്ങളിൽ 100 മുതൽ 150 വരെ വിവാഹങ്ങളും ചോറൂണും നടക്കുന്ന ഗുരുവായൂർ ക്ഷേത്രത്തിൽ ഗേറ്റ് അടയ്ക്കുന്നതുമൂലം മണിക്കൂറുകളോളം ക്ഷേത്രനഗരത്തിൽ ഗതാഗതം തടസ്സപ്പെടുകയും ആളുകൾക്ക് സഞ്ചരിക്കാൻപോലും കഴിയാത്ത അവസ്ഥയുണ്ടാവുകയും ചെയ്യുന്നു. ഈ വിഷയം, ജനുവരി 21-ാം തീയതി ഞാൻ സബ്മിഷനായി അവതരിപ്പിച്ചിരുന്നു. മേൽപ്പാലത്തിന് ഭരണാനുമതി നൽകുന്നകാര്യം ഗവൺമെന്റ് പരിഗണിക്കാമെന്നായിരുന്നു ബഹുമാനപ്പെട്ട മന്ത്രി അതിന് അന്ന് നൽകിയ മറുപടി. അക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഇല്ലെന്നാണ് ഏറ്റവും ഒടുവിൽ കിട്ടിയ വിവരം. ഇത് ഗവൺമെന്റ് അടിയന്തരമായി പരിഗണിക്കേണ്ട കാര്യമാണ്. കേരളത്തിൽ മറ്റെവിടെ മേൽപ്പാലം ഉണ്ടാക്കിയില്ലെങ്കിലും ഗുരുവായൂർ നഗരത്തിൽ ഒരു റെയിൽവേ മേൽപ്പാലം ഉണ്ടാക്കുന്നില്ലെങ്കിൽ വലിയ പ്രശ്നമുണ്ടാകും. റെയിൽവേ അതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി ഭരണാനുമതി നൽകണം. 11 സെന്റ് സ്ഥലം മാത്രമേ അക്വയർ ചെയ്യേണ്ടതുള്ളൂ. അതുകൊണ്ട് മേൽപ്പാലത്തിന് ഭരണാനുമതി നൽകണം. അതോടൊപ്പം മറ്റൊരുപ്രശ്നം ഗുരുവായൂർ നഗരത്തിലെ റോഡുകൾ അഴുക്കുചാൽ പദ്ധതിക്ക് വേണ്ടി പൊളിച്ചെങ്കിലും നവീകരിക്കുന്നതിന് വലിയ കാലതാമസമുണ്ടായിട്ടുണ്ട്. മാധ്യമങ്ങളൊക്കെ ആ പ്രശ്നത്തിൽ വലിയ തോതിൽ ഇടപെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു യോഗം വിളിച്ച് ചേർക്കുകയും ചെയ്തിരുന്നു. ആ തീരുമാനപ്രകാരം അടിയന്തരമായി റോഡുകൾ നവീകരിക്കുന്നതിന് നടപടി ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു മേൽപ്പാലമാണിത്. 22 കോടി രൂപയാണ് അതിന്റെ എസ്റ്റിമേറ്റ് കണക്കാക്കിയിരിക്കുന്നത്. അത് അവഗണിച്ചുവെന്ന് പറയുന്നത് ശരിയല്ല. 2012-13-ലെ റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ അതുൾപ്പെടുത്തിയിട്ടുണ്ട്. അവിടത്തെ യഥാർത്ഥ പ്രശ്നം അതല്ല. അതൊരു ക്ഷേത്രനഗരിയാണ്. നമ്മളിപ്പോൾ ഇവിടെ റെയിൽവേ ഓവർബ്രിഡ്ജുകൾ നിർമ്മിക്കുമ്പോൾ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ഫണ്ട് കടമെടുത്താണ് ആർ.ബി.ഡി.സി.കെ. (റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്). ഈ പ്രവൃത്തികളൊക്കെ ചെയ്യുന്നത്. പണി തീർന്ന് പാലം ഉദ്ഘാടനം ചെയ്തുകഴിഞ്ഞാലുടൻ ടോൾ പിരിക്കാറുണ്ട്. പക്ഷെ ഇവിടെ ടോൾ പിരിക്കാൻ സാധിക്കുകയില്ല. കാരണം ഇതൊരു ക്ഷേത്രനഗരിയാണ്. അതുസംബന്ധിച്ച് എം.എൽ.എ.-യും ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റും പ്രത്യേകം റെപ്രസന്റ് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം വകുപ്പുമന്ത്രി, എം.എൽ.എ., എം.പി. എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് ഫണ്ട് കണ്ടെത്തി ടോളില്ലാത്ത ഒരു പാലമാക്കി മാറ്റിയില്ലെങ്കിൽ ഭാവിയിൽ വളരെയധികം പ്രശ്നങ്ങളുണ്ടാകും കാരണം, ഇതൊരു ക്ഷേത്രനഗരിയാണ്. ദേവസ്വംബോർഡ് പ്രസിഡന്റിനോട് യോഗം വിളിച്ചുചേർക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെടുകയും അദ്ദേഹം പ്രൊപ്പോസൽ നൽകുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-യുടെയും എം.പി.-യുടെയുമൊക്കെ യോഗം വിളിച്ച് നമുക്ക് ഈ കാര്യത്തിലൊരു തീരുമാനമെടുത്ത് മുന്നോട്ടുപോകണം. പണി തുടങ്ങിയതിനുശേഷം വലിയൊരു പ്രക്ഷോഭമുണ്ടാകുന്ന സ്ഥിതിവിശേഷം ആ ക്ഷേത്ര നഗരിയിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലൊരു മീറ്റിംഗ് വിളിച്ച് എങ്ങനെ മുന്നോട്ടു പോകണമെന്നും ടോൾ പിരിവില്ലാതെ ഒരു പാലം നിർമ്മിച്ച് പോകാൻ സാധിക്കുമോയെന്ന് ആലോചിക്കാം. ഗുരുവായൂർ നഗരത്തിൽ ഔട്ടർറിങ്ങ് റോഡ് നിർമ്മാണ കാര്യത്തിൽ 1-7-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചിരുന്നു. അതുസംബന്ധിച്ച് ഇപ്പോഴുള്ള പ്രശ്നങ്ങൾ തീർക്കുന്നതിന് വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും ഉദ്യോഗസ്ഥരായ വാട്ടർ റിസോഴ്സസിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും അവിടെ സ്ഥലം പരിശോധിച്ച് അതിനൊരു പ്രോഗ്രാം തയ്യാറാക്കി മുന്നോട്ടു പോകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് മുന്നോട്ടുപോകുന്നതാണ്.

20. മിനി സിവിൽസ്റ്റേഷൻ

ശ്രീ. പുരുഷൻ കടലുണ്ടി : സർ, കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി മണ്ഡലത്തിൽ അതിവേഗം വളർന്നുവരുന്ന ഒരു നഗരമാണ് ബാലുശ്ശേരി. ബഹുമാനപ്പെട്ട മന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും വളരെയധികം അറിയാവുന്ന ഒരു പ്രദേശം കൂടിയാണിത്. അവിടെ സബ് രജിസ്ട്രാർ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, എക്സൈസ് ഓഫീസ്, എ.ഇ.ഒ. ഓഫീസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കെ.എസ്.ഇ.ബി.-യുടെ

LIBRARY ARCHIVES Kerala Legislative Assembly